ഉത്തരം

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സാമൂഹ്യവന വൽക്കരണ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് നടപ്പാക്കുന്നത്.

1999-2000 വർഷത്തിൽ സാമൂഹ്യവനവൽക്കരണത്തിന് 21 പഞ്ചായ ത്തുകൾക്ക് 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. ഈ തുക ഉപ യോഗിച്ച് പഞ്ചായത്തുകൾ താഴെപ്പറയുന്ന ജോലികളാണ് ചെയ്യുന്നത്.

1. മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനുള്ള പ്രചരണം സംഘടിപ്പിക്കുക.

2. ചോലമരങ്ങളും സ്ട്രിപ്പുപ്ലാന്റേഷനുകളും നട്ടുപിടിപ്പിക്കുക, സംര ക്ഷിക്കുക.

3. കാലിത്തീറ്റക്കുള്ള സസ്യങ്ങളും വൃക്ഷങ്ങളും കൃഷി ചെയ്യുക.

4. വിറകിനുള്ള വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക.

5. പരിസ്ഥിതി സംബന്ധമായ കാര്യങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുക.

(ബി)&(സി) പഞ്ചായത്തുകളുടെ തീരുമാനമനുസരിച്ചാണ് സാമൂഹ്യ വനവൽക്കരണം നടത്തുന്നത്. മേൽനോട്ടവും സാങ്കേതിക ഉപദേശങ്ങളു മാണ് വനംവകുപ്പ് നൽകുന്നത്. നാടൻ മാവ്, പ്ലാവ്, പുളി എന്നീ വൃക്ഷങ്ങൾ അവയ്ക്കനുയോജ്യമായ സ്ഥലത്ത് നടുവാനുള്ള ഉപദേശം നൽകുന്നുണ്ട്.

47 (339) വൃക്ഷത്തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. എം. നാരായണൻ(കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങ ൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്ഷത്തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തോട്ടങ്ങളിൽ ഏതെല്ലാം ഇനം വൃക്ഷങ്ങ ളാണ് വച്ചുപിടിപ്പിച്ചിട്ടുള്ളതെന്നു വെളിപ്പെടുത്തുമോ;

(സി) വൃക്ഷത്തോട്ടങ്ങളിൽ വച്ചുപിടിപ്പിച്ചിട്ടുള്ള വൃക്ഷങ്ങളിൽ കൂടു തൽ ആദായകരമായിട്ടുള്ള ഇനം ഏതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കഴിഞ്ഞ മൂന്നു വർഷമായി വൃക്ഷത്തോട്ടങ്ങളിൽനിന്നും എത്ര കോടി രൂപയുടെ വരുമാനം ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഇ) വൃക്ഷത്തോട്ടങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും അവ കൂടുതൽ ആദായകരമാക്കുന്നതിനും എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തേക്ക്, വീട്ടി, ആഞ്ഞിലി, ചന്ദനം, യൂക്കാലിപ്റ്റസ്, അക്കേഷ്യ, അൽബീസിയ, മഹാഗണി, കശുമാവ് തുടങ്ങിയ മരങ്ങളാണ് വച്ചുപിടിപ്പിച്ചിട്ടുള്ളത്.

(സി) തേക്ക്

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) ഉണ്ട്. ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന കേരള ഫോറസ്ട്രി പ്രോജക്ടിൽ ഉൾപ്പെടുത്തി മെച്ചപ്പെട്ട ഇനം വൃക്ഷതൈകൾ ഉപയോഗിച്ച് തേക്ക്, പൾപ്പുവുഡ് എന്നീ വൃക്ഷങ്ങളുടെ തോട്ടങ്ങൾ നിർമ്മിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 4 വർഷംകൊണ്ട് 1800 ഹെക്ടർ തേക്ക് തോട്ടവും 3700 ഹെക്ടർ പൾപ്പുവുഡ് തോട്ടവും ഇപ്രകാരം വച്ചുപിടിപ്പിക്കുന്നതാണ്.

48 (340) വൈൽഡ് ലൈഫ് അഡ്വൈസറി ബോർഡ്

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈൽഡ് ലൈഫ് അഡ്വൈസറി ബോർഡ് നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ബോർഡിന്റെ അധികാരങ്ങളെ സംബന്ധിച്ച് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈൽഡ് ലൈഫ് ബോർഡിന്റെ എത്ര യോഗങ്ങൾ നടന്നു;

(ഡി) ബോർഡ് യോഗതീരുമാനങ്ങളിൽ എന്തൊക്കെ തീരുമാനങ്ങളാണ് നടപ്പാക്കിയതെന്ന് വെളിപ്പെടുത്തുമോ;

(ഇ) നടപ്പിലാക്കാത്ത തീരുമാനങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലെ സെക്ഷൻ 8 അനുസരിച്ച് താഴെപ്പറയുന്ന വിഷയങ്ങളിൽ സംസ്ഥാന സർക്കാരിന് വേണ്ട ഉപദേശം നൽകുക എന്നതാണ് വന്യജീവി ഉപദേശക സമിതിയുടെ ചുമതലകൾ.

1. വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ, മറ്റ് നിരോധിതമേഖലകൾ (ക്ലോസ്ഡ് ഏരിയ) ആയി പ്രഖ്യാപിക്കേണ്ടതായ സ്ഥലങ്ങൾ തിരഞ്ഞെടുക്കുകയും അവയുടെ ഭരണനിർവ്വഹണത്തിനുവേണ്ട ഉപദേശം നൽകുകയും ചെയ്യുക.

2. വന്യജീവികളുടെയും വന്യജീവി സംരക്ഷണ നിയമത്തിലെ പട്ടികയിൽപ്പെടുത്തിയിട്ടുള്ള മറ്റ് സസ്യങ്ങളുടെയും സംരക്ഷണ പരിരക്ഷണ പ്രവർത്തനങ്ങൾക്കുവേണ്ട നയം രൂപീകരിക്കുക.

3. വന്യജീവി സംരക്ഷണനിയമത്തിലെ ഷെഡ്യൂളുകളെ സംബന്ധിച്ച വിഷയങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly